ജോലികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിർവഹിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ഈ ജോലികൾ ഏറ്റെടുത്ത് ഇവിടെ ഫലപ്രദമായി നടത്തുന്നതിനുവേണ്ടി ഒരു പഠനം തന്നെ നടത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് 26-4-2005-ന് ഗവൺമെന്റിനു സമർപ്പിക്കുകയും ചെയ്തു. കേരളത്തിലെ കർഷകർക്ക് പരമാവധി പ്രയോജനം ലഭിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റുമായി പലവട്ടം ചർച്ചകളും നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും കേന്ദ്രമന്ത്രി ശ്രീ. ശരത് പവാറിനെ നേരിട്ടു കണ്ട് ചർച്ച നടത്തിയിരുന്നു. അതു അനുസരിച്ച് കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ല് അരിയാക്കി എഫ്.സി.ഐ. മുഖാന്തിരം റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചു. എഫ്.സി.ഐ. നിശ്ചയിച്ചിരിക്കുന്ന മിനിമം സപ്പോർട്ട് പ്രൈസ് 5 രൂപ 60 പൈസയാണ്. നഷ്ടം സഹിച്ചാണെങ്കിലും കർഷകനെ സഹായിക്കുക എന്ന ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ഗവൺമെന്റ് ഇക്കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിനുവേണ്ടിയാണ് 1-5-2005-ന് കേരളത്തിലെ എല്ലാ പ്രമുഖ പത്രങ്ങളിലും അറിയിപ്പ് നൽകി സഹകരണ സംഘങ്ങളും പാടശേഖര സമിതികളും സംഭരിച്ച നെല്ലിന്റെ അളവ് എത്രയെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷനെ അറിയിച്ചത്. 459.673 മെട്രിക് ടൺ നെല്ലിന്റെ കണക്കാണ് അവർ നൽകിയിട്ടുള്ളത്. 4-6-2005 മുതൽ നെല്ല് സംഭരണം താലൂക്ക് അടിസ്ഥാനത്തിൽ നടപ്പിലാക്കിത്തുടങ്ങി. അതിനുശേഷം പേര് രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞില്ലെന്ന് പറഞ്ഞുകൊണ്ട് പല സംഘങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും എനിക്കും പരാതി നൽകുകയുണ്ടായി. രജിസ്റ്റർ ചെയ്ത സംഘങ്ങളിൽനിന്നും നെല്ലെടുക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ ആവശ്യം ഉന്നയിച്ചു, അതുപോലെ ശ്രീ. കെ. കെ. ഷാജു ഈ ആവശ്യം എഴുതിത്തന്നിരിക്കുന്നു. ഐക്യജനാധിപത്യ മുന്നണിയുടെ പല നേതാക്കളും ഈ ആവശ്യം രേഖാമൂലം അറിയിച്ചു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട്, ഈ ഗവൺമെന്റിന്റെ കടമ എന്നുള്ള നിലയിൽ അങ്ങ് ഇവിടെ സൂചിപ്പിച്ച സാങ്കേതികത്വം മാറിവച്ചുകൊണ്ട് സംഘങ്ങൾ സംഭരിച്ച ബാക്കിയുള്ള നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വരുംകാലങ്ങളിൽ കാർഷിക മേഖലയിലെ ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് ചില നടപടികൾ ഉണ്ടാകണമെന്ന് സൂചിപ്പിച്ചു. വരുംകാലങ്ങളിലെന്നല്ല സ്ഥിരമായ ഒരു സംവിധാനം എന്നുള്ള നിലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ച് അരിയാക്കി റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്". അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങൾ ആലോചിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കും.

(9) കശുവണ്ടി വ്യവസായ മേഖലയിൽ നടത്തുന്ന അനധികൃത കുടിവെപ്പും കമ്മീഷൻ വെപ്പും നിയമനിഷേധവും തടയൽ

ശ്രീ. എ. എ. അസീസ്: സർ, കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ ഈ സഭയിൽ എനിക്ക് മുമ്പ് ഒന്നിലധികം മെമ്പർമാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്ക് സ്ഥായിയായി പരിഹാരം കണ്ടെത്തുക

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് ആ മേഖലയെ പ്രതിനിധീകരിക്കുന്ന ഒരു എം.എൽ.എ. എന്ന നിലയിൽ എനിക്കുള്ളതുകൊണ്ടാണ് ഈ പ്രശ്നം വീണ്ടും ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കശുവണ്ടി മേഖലയിൽ 1967-ലെ ഗവൺമെൻറ് അനധികൃത കുടിവറുപ്പ് സ്ഥാപനങ്ങളെ നിയമംമൂലം നിരോധിച്ചിരുന്നു. അത് പുനരാരംഭിച്ചിരിക്കുന്നു. ആ സ്ഥാപനങ്ങളെ ഗവൺമെൻറ് കണ്ടുകെട്ടണം. അതുപോലെതന്നെ കശുവണ്ടി വ്യവസായ മേഖലയിൽ വ്യാപകമായി നിയമനിഷേധം നടക്കുകയാണ്. ആ നിയമനിഷേധങ്ങൾ കണ്ടുപിടിക്കുന്നതിന് ഇപ്പോൾ ലേബർ എൻഫോഴ്സ്മെൻറ് കുറച്ചൊക്കെ പ്രവർത്തിക്കുന്നുണ്ട്. 750-ൽപ്പരം കശുവണ്ടി ഫാക്ടറികളാണ് ഈ വ്യവസായ മേഖലയിലുള്ളത്. അതിൽ രണ്ടുമൂന്നു ഫാക്ടറികളിൽ ലേബർ എൻഫോഴ്സ്മെൻറ് പരിശോധന നടത്തി കേസ്സെടുക്കുന്നതുകൊണ്ടു മാത്രം സ്ഥായിയായി പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്നില്ല. മുൻ എൽ.ഡി.എഫ്. ഗവൺമെൻറിന്റെ കാലഘട്ടത്തിൽ അനധികൃത ഫാക്ടറികളും, അതുപോലെ നിയമനിഷേധം നടത്തുന്ന ഫാക്ടറികളും പരിശോധിച്ചാൽ അവിടെ ലൈസൻസ് renewal തടഞ്ഞുവച്ച് ലൈസൻസ് പുതുക്കി കൊടുക്കാതിരിക്കുന്നതിന് ചില തീരുമാനങ്ങളുണ്ടാക്കാൻ അന്ന് കഴിയുമായിരുന്നു എന്ന് കാണാം. അങ്ങനെ ചില തീരുമാനങ്ങളെടുക്കുന്നതിന്റെ ഫലമായി കശുവണ്ടി വ്യവസായ മേഖലയിലെ നിയമനിഷേധം അവസാനിപ്പിക്കുവാനും അനധികൃത ഫാക്ടറികളും, കുടിവറുപ്പ് സ്ഥാപനങ്ങളും നിർത്തലാക്കുവാനും സാധിക്കുമായിരുന്നു. ലേബർ എൻഫോഴ്സ്മെൻറിന്റെ ചെറിയ പരിശോധനയുടെ ഫലമായി ക്രമവിരുദ്ധമായി പ്രവർത്തിക്കുന്ന ഫാക്ടറികളും കണ്ടെത്തിയെന്ന പത്രവാർത്തകളും ഇറക്കുന്നതുകൊണ്ടുമാത്രം ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കില്ല. അതുപോലെ തന്നെ കശുവണ്ടി വ്യവസായ മേഖലയിൽ പെൻഷൻ വാങ്ങുന്ന 25000-ത്തിൽപ്പരം തൊഴിലാളികളും ഉണ്ട്. അതിൽ 96 ശതമാനം സ്ത്രീകളാണ്. രണ്ട് വിഭാഗം തൊഴിലാളികളാണ് പെൻഷൻ വാങ്ങുന്നത്. ഒന്ന് ക്ഷേമനിധിയിൽ അംഗമായിട്ടുള്ള തൊഴിലാളികളും, മറ്റൊന്ന് ക്ഷേമനിധി നിയമം വരുന്നതിന് മുമ്പ് പിരിഞ്ഞുപോയ തൊഴിലാളികളും. ആ തൊഴിലാളികൾക്ക് 24 മാസമായി പെൻഷൻ കൊടുക്കുന്നില്ല, ഒരു വിഭാഗത്തിന് 12 മാസമായി പെൻഷൻ കൊടുക്കുന്നില്ല. അവർ അംശദായം അടയ്ക്കുന്ന തൊഴിലാളികളാണ്. മറ്റൊരു വിഭാഗത്തിന് ഗവൺമെൻറ് നേരിട്ടാണ് പെൻഷൻ നൽകുന്നത്. മുൻ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ പ്രാവർത്തികമാക്കിയ പെൻഷൻ പദ്ധതിയാണ്; യാതൊരു കുടിശ്ശികയുമില്ലാതെ കൊടുത്തുകൊണ്ടിരുന്നതുമാണ്. ഞാൻ 5 കൊല്ലം ആ ക്ഷേമനിധി ബോർഡിന്റെ ചെയർമാനായിരുന്നു. കാൽ കാശിന്റെ കുടിശ്ശിക ആ ക്ഷേമനിധിയിൽ ഇല്ലായിരുന്നു. കഴിഞ്ഞ സഭയിൽ ആരോ പറയുന്നതു കേട്ടു പണ്ടത്തെ ഗവൺമെൻറ് വരുത്തിയ കുടിശ്ശികയാണെന്ന്. ആ വിഭാഗത്തിന്റെ അംശദായം 50 പൈസ പിരിച്ചുകൊണ്ടിരുന്നത് ഈ ഗവൺമെൻറ് ഒരു രൂപയായി വർദ്ധിപ്പിച്ചു. ഈ വിഭാഗത്തിന് 12 മാസത്തെ കുടിശ്ശികയും മറ്റൊരു വിഭാഗത്തിന് 24 മാസത്തെ കുടിശ്ശികയുമുണ്ട്. ഈ കുടിശ്ശിക കൊടുക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണം. അനധികൃതമായ ഫാക്ടറികളും കണ്ടുകെട്ടണം, നിയമനിഷേധം അവസാനിപ്പിക്കണം, കർക്കശമായ നിലപാട് സ്വീകരിക്കണം. ഇക്കാര്യങ്ങളും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട അംഗം

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ വളരെ സജീവമായി ഗവൺമെന്റ് പരിഗണിച്ചു കൊണ്ടിരിക്കുന്നവയാണ്, ബഹുമാനപ്പെട്ട അസീസ് ചൂണ്ടിക്കാണി
11.00 A.M.] ച്തുപോലെ തന്നെ കുടിവറുപ്പ് നിയമങ്ങൾമൂലം നിരോധിച്ചിരു ന്നത് പുനരാരംഭിച്ചു എന്ന് കണ്ട ഉടൻതന്നെ അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനകം ആ ഭഴ് സ്ഥലങ്ങളിൽ ഉദ്യോഗസ്ഥർ റെയ്ഡ് നടത്തി പോലീസിന്റെ സഹായത്തോടുകൂടിത്തന്നെ അത് നിർത്തലാക്കുന്ന തിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞതു പോലെതന്നെ ഈ നിയമനിഷേധത്തിനെതിരായ സ്കാഡിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ കൂടുതൽ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഈ ജൂൺ മാസം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുമായും ചേർന്ന് 26 ഫാക്ടറികൾ ഇതിനകം പരിശോധന നടത്തി. അതിൽ പ്രോവിഡന്റ് ഫണ്ട് ഉദ്യോഗസ്ഥരുടെ പങ്കാളിത്തം മോശമാണെന്ന് കണ്ടുകൊണ്ട് ഇവിടുത്തെ റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണറുമായി ഞാൻ നേരിട്ട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് മാസം 10-ാം തീയതി റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മിഷണർ പങ്കെടുത്തുകൊണ്ട് കാഷ്യൂവിന് മാത്രമായി കൊല്ലത്ത് അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ യൂണിയൻ നേതാക്കളുടെയും പങ്കാളിത്തം അതിലുണ്ടായിരുന്നു. അതുപോലെതന്നെ, പരിശോധന നടത്തിയിട്ടുള്ള ഫാക്ടറികളുടെ റിപ്പോർട്ടുകൾ അതാത് പ്രദേശത്തെ ട്രേഡ് യൂണിയൻ നേതാക്കളുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യാമെന്ന് സമ്മതിച്ചിട്ടുണ്ട്. 5-ാം തീയതി അസംബ്ലി തീരുന്ന മുറയ്ക്ക് എന്റെ കൂടി സാന്നിദ്ധ്യത്തിൽ ഈ പ്രശ്നങ്ങൾ ബന്ധപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കളുമായി ഓരോ റീജിയനായി ചർച്ച ചെയ്യും. ഇപ്പോൾ കൊട്ടാരക്കര മേഖല, അതുകഴിഞ്ഞ് കൊട്ടിയം അങ്ങനെ ഓരോ മേഖലകളായി തിരിച്ച് ഫാക്ടറികളിലെ യഥാർത്ഥ സ്ഥിതിയെ കുറിച്ചും അവിടെ നടക്കുന്ന നിയമ നിഷേധത്തെക്കുറിച്ചും മുതലാളിമാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് വിശദമായ ഒരു ചർച്ച നടത്തും. പെൻഷന്റെ കാര്യം പറഞ്ഞു, ലേബർ വെൽഫയർ ഫണ്ടിന്റെ പെൻഷൻ 12 മാസത്തെ കുടിശ്ശികയുണ്ട്. അത് ഓണത്തിന് മുമ്പ് പരമാവധി കൊടുത്തു തീർക്കാൻ ശ്രമിക്കുകയാണ്. സർക്കാർ നേരിട്ട് കൊടുക്കുന്ന കുറച്ച് പെൻഷൻ കാഷ്യൂ കോർപ്പറേഷനിലുണ്ട്. അതും മറ്റ് പെൻഷനോടൊപ്പം കൊടുത്തു തീർക്കാൻ ശ്രമിക്കുകയാണ്. ഓണത്തിന് മുമ്പ് രണ്ട് ഗഡു എങ്കിലും കൊടുക്കാൻ കഴിയും.

(10) എടത്തല ഗ്രാമപഞ്ചായത്തിലെ യുനാനി ക്ലിനിക് ആൻഡ് റിസർച്ച് സെന്റർ മാറ്റുന്നതിനെതിരെ നടപടി

ശ്രീ. കെ. മുഹമ്മദാലി: സർ, സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഏക സ്ഥാപനമാണ് എടത്തലയിലെ യുനാനി ഡിസ്പെൻസറി. അവിടെ വരുന്ന സ്റ്റാഫ് പലരും പുറത്തുനിന്നു മുള്ളവരാണ്, വളരെയധികം രോഗികൾ ഇന്ന് ആശ്രയിക്കുന്ന കേരളത്തിലെ ഏക സ്ഥാപനമാണിത്. ആ ആരോഗ്യകേന്ദ്രം തമിഴ്നാട്ടിലേക്ക് മാറ്റി കൊണ്ടുപോകാനുള്ള ശ്രമം നടത്തിവരികയാണ്. അടിയന്തിരമായും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഈ സ്ഥാപനം അവിടെ പ്രവർത്തിപ്പിക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്യണം. അതിനാവശ്യമായ സ്ഥലം കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലവും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുത്തിട്ടുണ്ട്. അത് ഇവിടെത്തന്നെ പ്രവർത്തിപ്പിക്കാനുള്ള നടപടി കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് സ്വീകരി ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly